വഴിതെറ്റിക്കാനോ ഇടയാക്കും. അതുകൊണ്ട് ആ കുഴിയിൽ വീഴരുത് എന്ന് ഞാൻ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. ഒരു വാക്കുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. വനം വകുപ്പിലുള്ളവരെല്ലാം കാട്ടുകള്ളന്മാരാണെന്നും തീവെട്ടിക്കൊള്ളക്കാരാണെന്നും പറഞ്ഞതിനോട് ഒരു ഗവൺമെന്റിനും യോജിക്കാൻ കഴിയില്ല. എൽ.ഡി.എഫ്.-ന്റെ വനം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ബിനോയ് വിശ്വത്തിന്റെ കാലത്തുണ്ടായിരുന്ന ഉദ്യോഗസ്ഥരടക്കമുള്ളവരാണ് അവിടെ ഇപ്പോഴുമുള്ളത്. അവർ തീവെട്ടിക്കൊള്ളക്കാരാണെങ്കിൽ എന്തുകൊണ്ടാണ് അന്ന് അവരുടെ പേരിൽ നടപടിയെടുക്കാതിരുന്നത്? ഒരു കേസ്സന്വേഷണത്തിന്റെ മദ്ധ്യത്തിൽവച്ച് അന്വേഷണ സംഘത്തിൽപ്പെട്ടവർ തീവെട്ടിക്കൊള്ളക്കാരാണെന്ന് പറഞ്ഞ് അവരുടെ മനസ്സ് മടുപ്പിക്കുന്നതിന്റെ പ്രയോജനം വനംകൊള്ളക്കാർക്ക് മാത്രമാണ് കിട്ടുന്നത്. ദയവായി അതിൽ കുടുങ്ങരുത് എന്ന് ഓർമ്മിപ്പിക്കുന്നു. ഇതാണ് ഗവൺമെന്റിന്റെ സ്റ്റാൻഡ്.

4. ആസ്തിവികസന ഫണ്ടിന്റെ വിനിയോഗം

ശ്രീ. മാത്യു റ്റി. തോമസ്: സർ, 2014-15 സാമ്പത്തിക വർഷത്തിന്റെ ആദ്യഘട്ടത്തിൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി എല്ലാ എം.എൽ.എ.-മാർക്കും ഒരു കത്ത് നൽകുകയുണ്ടായി. ആ കത്തിന്റെ സാരാംശം, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും അവരവരുടെ മണ്ഡലങ്ങളിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലേക്ക് ബസ്സുകൾ വാങ്ങാൻ ഓരോ കോടി രൂപ വീതം നൽകിയാൽ, അങ്ങനെ വാങ്ങുന്ന ബസ്സുകൾ എം.എൽ.എ.-മാരുടെ നിർദ്ദേശാനുസരണം വയബിളായ റൂട്ടുകളിൽ ഓടിക്കാം എന്നുള്ളതാണ്. എനിക്ക് ആ പദ്ധതിയോട് ഭിന്നാഭിപ്രായം ഉണ്ടായിരുന്നു. എന്നിരുന്നാലും ഞാൻ ഈ വകുപ്പ് നേരത്തെ കൈകാര്യം ചെയ്തിരുന്നതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ പ്രാരാബ്ധങ്ങൾ അറിയാമെന്ന ഒരാൾ എന്ന നിലയിൽ, ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുവച്ച ഒരു നിർദ്ദേശത്തോട് പോസിറ്റീവായി പ്രതികരിക്കാൻ ബാദ്ധ്യസ്ഥനാണെന്നുള്ളതുകൊണ്ട്, ഞാൻ ഉൾപ്പെടെ 18 എം.എൽ.എ.-മാർ 2014-15 സാമ്പത്തിക വർഷത്തെ ഞങ്ങളുടെ ആസ്തിവികസന ഫണ്ടിൽനിന്ന് ഓരോ കോടിരൂപ വീതം ഇക്കാര്യത്തിന് നീക്കി വയ്ക്കുന്നതായി ഗതാഗത വകുപ്പിനെയും ധനകാര്യ വകുപ്പിനെയും അറിയിച്ചതാണ്. 2015 മാർച്ച് മാസത്തിനുമുമ്പ് നൽകിയിട്ടില്ലാത്ത നിർദ്ദേശങ്ങളൊന്നും പാലിക്കാൻ സാദ്ധ്യമല്ലെന്ന് ധനകാര്യ വകുപ്പിൽനിന്ന് അറിയിപ്പും ലഭിച്ചിട്ടുണ്ട്. ആ പദ്ധതി നടപ്പിലാക്കുന്നതിന് ധനകാര്യ വകുപ്പ് എതിർപ്പ് പറയുന്നുവെന്നാണ് ഇപ്പോൾ ഗതാഗത വകുപ്പുമന്ത്രി പറയുന്നത്. ഗതാഗത വകുപ്പുമന്ത്രി രേഖാമൂലം കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ അനുവാദം വാങ്ങി ഈ പണം ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നീക്കിവച്ചതുമാണ്. എന്നാൽ ഇങ്ങനെയൊരു എതിർപ്പ് ധനകാര്യ വകുപ്പിന് ഉണ്ടായിരുന്നെങ്കിൽ ഗതാഗത വകുപ്പുമന്ത്രി എം.എൽ.എ.-മാർക്ക് ഈ കത്ത് നൽകുന്നതിനുമുമ്പ് ആ എതിർപ്പ് മാറ്റുകയോ അല്ലെങ്കിൽ കത്ത് നൽകാതിരിക്കുകയോ ചെയ്യേണ്ടതായിരുന്നു. എതിർപ്പിനുള്ള കാരണം പറയുന്നത് കെ.എസ്.ആർ.ടി.സി. എന്ന് പറയുന്നത് കോർപ്പറേഷനാണ്, കോർപ്പറേഷന് അസറ്റ് ഉണ്ടാക്കുന്നതിന് എം.എൽ.എ. ഫണ്ട് നൽകുന്നത് ശരിയല്ല എന്നാണ്. എം.എൽ.എ.മാരുടെ ഫണ്ട് വിനിയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ കമ്പ്യൂട്ടറും ബസ്സും വാങ്ങിച്ചു കൊടുക്കാറില്ലേ? കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനത്തിന് അസറ്റ് ഉണ്ടാക്കിക്കൊടുക്കാൻ എം.എൽ.എ. ഫണ്ട് നീക്കിവയ്ക്കാൻ പാടില്ലെന്ന് ധനകാര്യ വകുപ്പിന്റെ നിർദ്ദേശമുണ്ടായിരുന്നെങ്കിൽ ഞങ്ങൾക്ക് ഈ കത്ത് നൽകാൻ പാടില്ലായിരുന്നു. ഇപ്പോൾ ഞങ്ങളുടെ പ്രശ്നം, എം.എൽ.എ.-മാരുടെ ഇങ്ങനെ നീക്കിവച്ച ഓരോ കോടി രൂപ മറ്റുകാര്യത്തിനോ നീക്കിവച്ച കാര്യത്തിനോ ഉപയോഗിക്കാൻ പറ്റുന്നില്ല എന്നതാണ്. എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്, ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി നിർദ്ദേശിച്ച പ്രകാരം ഏതൊക്കെ എം.എൽ.എ.-മാർ ഈ പണം നീക്കിവച്ചിട്ടുണ്ടോ അവർക്കെല്ലാം അവരുടെ മണ്ഡലങ്ങളിൽ നീക്കിവച്ച കാര്യത്തിന് ചെലവഴിക്കാനുള്ള അനുമതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകണം; ഒരു കാരണവശാലും അതിന് കഴിയില്ലെങ്കിൽ ഈ പണം മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാനുള്ള അനുമതി ഞങ്ങൾക്ക് നൽകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, പൊതുജനോപകാരപ്രദവും സർക്കാർ അധീനതയിൽ ദീർഘകാലം നിലനിൽക്കുന്നതുമായ മൂലധനസ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് ആസ്തിവികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-ക്ക് ബസ് വാങ്ങുന്നതിനായി ടി ഫണ്ട് വിനിയോഗിക്കുന്നത് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ല. സർക്കാരിന്റെ സാമ്പത്തിക പരിമിതികളും സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ദീർഘകാലം നിലനിൽക്കണമെന്നുള്ള താൽപ്പര്യവും കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി.-ക്ക് ഫണ്ട് അനുവദിക്കേണ്ടതില്ലെന്ന നിലപാടാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഗതാഗത വകുപ്പുമന്ത്രി നല്ല ഉദ്ദേശ്യത്തോടുകൂടി പറഞ്ഞു, അതിനോട് നിങ്ങൾ പ്രതികരിച്ചു, നല്ല കാര്യം തന്നെ. പക്ഷേ ഇത് സംബന്ധിച്ച് മൊത്തത്തിൽ ആലോചിച്ചപ്പോൾ ബസ് വാങ്ങാൻവേണ്ടി ടി ഫണ്ട് വിനിയോഗിക്കുന്നതിനോട് യോജിപ്പില്ലാതെ വന്നിരിക്കുകയാണ്. അങ്ങ് രണ്ടാമത് പറഞ്ഞ നിർദ്ദേശം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly